"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ലോക്കൽ ഫണ്ട് ഓഡിറ്റ് ചാർജ്ജ് തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(അച്ചടി) നം.50/2024/LSGD തീയതി,തിരുവനന്തപുരം, 25-09-2024

---

പരാമർശം:- വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) ചെയർമാന്റെ 21.03.2024 തീയതിയിലെ അർദ്ധ ഔദ്യോഗിക കത്ത് നം. 23214/എഫ്.സി.3/18/82/ജിസിഡിഎ

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ 2011-12 മുതൽ 2020-21 വരെയുള്ളഓഡിറ്റ് ചാർജ്ജ് കുടിശ്ശികയായ 3,02,82,335/- രൂപ അടവാക്കണമെന്ന് ഓഡിറ്റ് വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിരുന്നതായും ഓഡിറ്റ് ചാർജ്ജ് നല്കുന്നതിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ ജിസിഡിഎ-യെ ഒഴിവാക്കണമെന്നും അതോറിറ്റി ചെയർമാൻ പരാമർശിത കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റ് സ്ഥാപനങ്ങളുടെ വാർഷിക കണക്കുകൾ ഓഡിറ്റ് ചെയ്യുന്ന വകയിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ചുമത്തുന്ന ഓഡിറ്റ് ഫീസ് നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ ഒടുക്കുക എന്നത് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. ഓഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി ബോർഡുകളും സ്ഥാപനങ്ങളും നിരന്തരം സർക്കാരിനെ സമീപിക്കുന്ന സാഹചര്യത്തിൽ, ഒരു പ്രത്യേക ബോർഡിന്/സ്ഥാപനത്തിന് മാത്രമായി ഓഡിറ്റ് ഫീസിൽ ഇളവ് അനുവദിക്കുകയോ നിശ്ചിത തുകയായി നിജപ്പെടുത്തുകയോ, ഓഡിറ്റ് ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി നൽകുകയോ ചെയ്യുന്നത് പക്ഷപാതപരമായിരിക്കുന്നതും മറ്റ് സ്ഥാപനങ്ങളും സമാന ആവശ്യം ഉന്നയിക്കുന്നതിന് കാരണമാകുന്നതും അത് സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ സാരമായി ബാധിക്കുന്നതും ആണ്.

3. ആയതിനാൽ ഏതെങ്കിലും ബോർഡിനെ/സ്ഥാപനത്തെ പ്രത്യേകമായി ഓഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കുന്നതോ പൊതുവായി ഓഡിറ്റ് ഫീസിൽ ഇളവ് അനുവദിക്കുന്നതോ പരിഗണിക്കാനാകില്ല. എന്നിരുന്നാലും തവണ വ്യവസ്ഥ അനുവദിക്കുന്നതു ഒരു കീഴ്വഴക്കം ആകില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, 2011-12 മുതൽ 2020-21 വരെ ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയിനത്തിൽ അടയ്ക്കുവാൻ ശേഷിക്കുന്ന തുകയായ ₹ 3,02,82,335/- (മൂന്നു കോടി രണ്ട് ലക്ഷത്തി എൺപത്തിരണ്ടായിരത്തി മുന്നൂറ്റിമുപ്പത്തിയഞ്ച് രൂപ), പത്ത് (10) തവണകളായി അടക്കുന്നതിനു ജിസിഡിഎ-യ്ക്ക് അനുമതി നൽകിക്കൊണ്ടും അപ്രകാരം തുക ഒടുക്കാത്ത പക്ഷം കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994 ലെ clause 19(3) &19(4) ൽ നിഷ്കർഷിക്കും പ്രകാരം

റിക്കവറി നടത്തുന്നതാണെന്നുമുള്ളത് സൂചിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

ചെയർമാൻ, വിശല കൊച്ചി വികസന അതോറിറ്റി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (ഐ.എ3/55/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Vijitha M B

സെക്ഷൻ ഓഫീസർ

Date: 26-09-2024 10:22:56